പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4566** 22.07.2015-ൽ മറുപടിക്ക്

ചെറായി ബീച്ച് - മൂന്നാർ ബസ് സർവ്വീസ്

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | വിനോദ സഞ്ചാര കേന്ദ്രങ്ങളായ ചെറായി ബീച്ചിനെയും മൂന്നാറിനെയും ബന്ധപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ബസ് സർവ്വീസ് പ്രവർത്തനം നിലച്ച കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വീസ് നിർത്തുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ; | (ബി) | ഗോശ്രീ പാലം വഴി കെ.എസ്.ആർ.ടി.സി.ക്ക് മാത്രം പെർമിറ്റ് അനുവദിക്കുന്നതിനെതിരെ പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് കോടതി വഴി സ്റ്റേ വാങ്ങിയതിനെ തുടർന്ന് ടി സർവ്വീസ് നിർത്തി വയ്ക്കേണ്ടതായി വന്നു. |
| (സി) | പ്രസ്തുത സർവ്വീസിന് ലഭിച്ചിരുന്ന ശരാശരി പ്രതിദിന കളക്ഷൻ എത്രയെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത സർവ്വീസിന് ലഭിച്ചിരുന്ന ശരാശരി പ്രതിദിന കളക്ഷൻ 5434 രൂപയായിരുന്നു. |
| (ഡി) | പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കാമോ; | (ഡി) യും (ഇ) യും | ടി സർവ്വീസ് ഇപ്പോൾ 09.20 മൂന്നാർ - എറണാകുളമായി സർവ്വീസ് നടത്തി വരികയാണ്. ലാഭകരമായിട്ടാണ് ഈ സർവ്വീസ് ഇപ്പോൾ നടത്തി വരുന്നത്. ആയതിനാൽ ഈ സർവ്വീസ് ചെറായിലേക്ക് നീട്ടുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | സർവ്വീസ് എന്നത്തേയ്ക്ക് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ